മാർച്ച് 7, 2014

## ക്രിക്കറ്റ് കളിയിലെ ദേശീയ ബോധം

**അരുൺ ജെയ്റ്റ്‌ലി,**
**(പ്രതിപക്ഷ നേതാവ്, രാജ്യസഭ)**

കാർഗിൽ യുദ്ധം നടന്ന 1999 ആയിരുന്നു വർഷം. ലോകകപ്പ് ക്രിക്കറ്റ് ഇംഗ്ലണ്ടിൽ അരങ്ങേറുന്ന സമയം. വേനൽ അവധിക്കാലത്ത് കുടുംബത്തോടൊപ്പം ഞാൻ ഇംഗ്ലണ്ടിലുണ്ടായിരുന്നു. ക്രിക്കറ്റ് മത്സരങ്ങൾ കണ്ട് സ്റ്റേഡിയംതോറും ഞങ്ങൾ സഞ്ചരിച്ചു. ഇന്ത്യൻ ടീം സെമി ഫൈനലിനു മുൻപു പുറത്തായി.
ഇന്ത്യയുടെ ഒരു നിർണായക മത്സരം പാക്കിസ്ഥാനെതിരെ മാഞ്ചസ്റ്ററിലെ ഓൾഡ് ട്രാഫോർഡിലാണ് നടന്നത്. കാർഗിൽ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ- പാക് ക്രിക്കറ്റ് പോരാട്ടത്തെ ഏവരും ഉറ്റുനോക്കി. സ്റ്റേഡിയം പിരിമുറുക്കത്തിൽ അമർന്നു. കാണികളിൽ ഭൂരിഭാഗവും ഒന്നുകിൽ ഇന്ത്യൻ വർണങ്ങളോ അതല്ലെങ്കിൽ പാക്കിസ്ഥാനി ടീ ഷർട്ടുകളോ അണിഞ്ഞിരുന്നു. നൂറുകണക്കിനുപേർ ഇരു രാജ്യങ്ങളുടെയും ദേശീയ പതാക വീശിക്കൊണ്ടിരുന്നു. അതിനിടെ ഇന്ത്യൻ വംശജരായ യുവാക്കളുടെ ഒരു സംഘം എന്നെ തിരിച്ചറിഞ്ഞു. കളിയിൽ ഇന്ത്യയുടെ സാധ്യതകളെക്കുറിച്ച് എന്നോട് സംസാരിക്കാൻ അവർ താത്പര്യം കാട്ടി. ബ്രിട്ടീഷ് പൗരൻമാരാണെന്നും തങ്ങൾക്ക് ബ്രിട്ടീഷ് പാസ്പോർട്ടുണ്ടെന്നുമാണ് അവരിലേറെപ്പേരും പറഞ്ഞത്. മറ്റുചിലർ ഗുജറാത്തികളും, അവരുടെ കുടുംബങ്ങൾ ഉഗാണ്ടയിലേക്കും കെനിയയിലേക്കുമൊക്കെ കുടിയേറിയതായിരുന്നു. നിങ്ങൾ ഏതു ടീമിനുവേണ്ടി കൈയ്യടിക്കുന്നതെന്ന് ഞാൻ ചോദിച്ചു. ഒരേ സ്വരത്തിൽ അവർ പറയേണ്ടത് 'ഉറപ്പായും ഇന്ത്യ' എന്നായിരുന്നു. എന്നാൽ ഇംഗ്ലണ്ട് ആരോടു കളിച്ചാലും ഇംഗ്ലണ്ടിനുവേണ്ടി കൈയടിക്കുമെന്ന് അവർ വ്യക്തമാക്കി. എല്ലായ്പ്പോഴും ഇന്ത്യയ്ക്കുവേണ്ടി കൈയടിക്കുമെന്നും എന്നാൽ ഇന്ത്യയും ഇംഗ്ലണ്ടും കളിക്കുമ്പോൾ ജയിക്കുന്ന പക്ഷത്തു നിൽക്കുമെന്നും ലോർഡ് സ്വരാജ് പോൾ പറഞ്ഞത് ഓർക്കുന്നു.
കായികമേഖലയുമായി ബന്ധപ്പെട്ട ദേശീയ ബോധം അതല്ലെങ്കിൽ ക്രിക്കറ്റുമായി ബന്ധപ്പെട്ട ദേശീയബോധം ഒരാളുടെ വ്യക്തിത്വത്തിന്റെ അവിഭാജ്യ ഘടകമാണ്. അതുകൊണ്ടാണ് ഞാൻ മുകളിൽ അക്കാര്യം സൂചിപ്പിച്ചത്. ഒരു കായിക താരത്തിന്റെ ഗുണങ്ങളെ അയാളുടെ രാജ്യമേതെന്നു നോക്കാതെ കായിക പ്രേമിക്ക് അംഗീകരിക്കാം. അവയിൽ ചിലതു കാണുന്നതു തന്നെ സന്തോഷം. എന്നാൽ മത്സരാധിക്യം ഏറെയുള്ള ക്രിക്കറ്റിൽ ദേശീയബോധം തീർച്ചയായും നിങ്ങളെ സ്വന്തം രാജ്യത്തിന്റെ ടീമിനൊപ്പമെത്തിക്കും. ലോകകപ്പ് ഫുട്ബോൾ ആരാധകർ ലോകംമുഴുവൻ സഞ്ചരിച്ച് സ്വന്തം ടീമിനെ പ്രോത്സാഹിപ്പിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.
ഇന്ത്യ-പാക് ക്രിക്കറ്റിന്റ കാര്യത്തിലായാലും രാജ്യങ്ങളുടെ അതിർത്തികൾ കണക്കിലെടുക്കാതെ ഒരു മഹാനായ താരത്തിന്റെ ഗുണങ്ങളെ അംഗീകരിക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നിരുന്നാലും ഒരുകൂട്ടം ആൾക്കാർ സംഘടിതമായി ബോധപൂർവം പാക്കിസ്ഥാന്റെ വിജയം ആഘോഷിക്കുമ്പോൾ അതു ആ ടീമിന്റെ കായികമികവിനെ അംഗീകരിക്കുന്ന നിഷ്ക്കളങ്കമായ അഭിനന്ദ പ്രകടനമായി കണക്കാക്കാനാവില്ല. ആ പ്രവൃത്തിക്കുള്ളിൽ രാഷ്ട്രീയമായ ഒരു പ്രസ്താവന ഒളിഞ്ഞുകിടപ്പുണ്ട്. അതു ചെയ്തവരെ ശിക്ഷിക്കണോ വേണ്ടയോ അതല്ലെങ്കിൽ നിയമത്തിന്റ ഏതു വകുപ്പ് ഉപയോഗിച്ചാണ് ശിക്ഷിക്കേണ്ടത് തുടങ്ങിയവയല്ല നമ്മുടെ വിഷയം. അത്തരത്തിലെ മനഃപൂർവമായ ഭാവ പ്രകടനങ്ങളിലൂടെ എന്ത് രാഷ്ട്രീയ സന്ദേശമാണ് അവർ പ്രചരിപ്പിക്കാൻ ശ്രമിച്ചതെന്നതാണ് വിഷയം.
ആ പ്രതികരണങ്ങൾ സമൂഹത്തിലെ വലിയൊരു വിഭാഗത്തിന്റെ മനസിൽ സംശയങ്ങൾ സൃഷ്ടിക്കുമെന്ന് വ്യക്തമാണ്. ചിലയാൾക്കാർ സ്വയം അനാവശ്യമായ സംശയത്തിന്റെ നിഴലിൽപ്പെട്ട് മനഃശാസ്ത്രപരമായ പ്രതിബന്ധങ്ങൾ തീർക്കുന്നു. അവരുടെ ചിന്താഗതിയെ അംഗീകരിക്കാത്തവരും സ്വന്തം സമുദായാംഗങ്ങളുമായ ലക്ഷക്കണക്കിനുപേരെ ആ പ്രവൃത്തി എത്രത്തോളം ദോഷകരമായി ബാധിക്കുമെന്ന് അത്തരക്കാർ തിരിച്ചറിയുന്നുണ്ടോ?. ഒരുവിഭാഗത്തിനുള്ള ഭിന്നതയാണ് ആ ചെയ്തി സൂചിപ്പിക്കുന്നത്. അതിനവർ കണ്ടെത്തുന്ന ന്യായങ്ങൾ എനിക്ക് ബോധ്യപ്പെടുന്നില്ല. യഥാർത്ഥത്തിൽ അവർ രാഷ്ട്രത്തിന്റെ മുഖ്യധാരയിൽ നിന്ന് അകലുന്നു. പാക് ജയമാഘോഷിച്ച് വഴിതെറ്റിക്കുന്ന യുവാക്കളെ എല്ലാ ഇന്ത്യക്കാരും പ്രത്യേകിച്ച് അവരുടെ വിഭാഗത്തിൽ നിന്നുള്ളവർ കാര്യങ്ങൾ പറഞ്ഞു മനസിലാക്കണം. സ്വന്തം രാജ്യത്തെയും വർഗത്തെയും മാത്രമല്ല തന്റെ
ആത്മാവിനെപ്പോലും മുറിപ്പെടുത്തുന്ന കാര്യമാണവർ ചെയ്തതെന്നു ബോധ്യപ്പെടുത്തണം. അവർ കളിച്ചത് അപചയത്തിന്റെ പരാജയത്തിന്റെ കളിയാണ്.